ഉത്തരം

(എ) പ്രീഡിഗ്രിക്ക് സമാനമായ കോഴ്സ് യെന്ന നിലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയന്റെ യോഗ്യത ലൈബ്രറി സയൻസിൽ ഡിഗ്രിയായി നിശ്ചയിച്ചിരിക്കുന്നത് കോഴ്സിന്റെ പ്രാധാന്യം കണക്കിലെടുത്താണ്.

(ബി & സി) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷമേ ഇതിന്മേൽ അന്തിമ തീരുമാനമെടുക്കാനാവൂ.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഉപകേന്ദ്രങ്ങൾ

119 (2996) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഉപകേന്ദ്രങ്ങൾ പ്രവത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര ; ഏതെല്ലാം ; എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം നിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്നും എന്തുകൊണ്ടാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ കേന്ദ്രങ്ങൾ തുടർന്ന് പ്രവർത്തിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, പന്മന, ഏറ്റുമാനൂർ, തിരുവല്ല, തുറവൂർ, തൃശ്ശൂർ, പാലക്കാട്, തിരൂർ, കൊയിലാണ്ടി, പയ്യന്നൂർ എന്നീ സ്ഥലങ്ങളിലാണ് സംസ്കൃത സർവ്വകലാശാലയുടെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(സി) ഈ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം നിർത്തുന്നത് സംബന്ധിച്ച് അന്തിമതീരുമാനം എടുത്തിട്ടില്ല. എന്നാൽ പന്മന, പാലക്കാട്, തിരുവല്ല എന്നീ ഉപകേന്ദ്രങ്ങളിൽ പുതുതായി കുട്ടികൾക്ക് തല്ക്കാലം പ്രവേശനം നൽകുന്നില്ല.

(ഡി) യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അത്തരം തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല.

സർക്കാർ കോളേജുകളിൽ ഇക്കണോമിക്സ് ലക്ചറർമാരുടെ നിയമനം

120 (2997) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കോളേജുകളിൽ ഇക്കണോമിക്സ് ലക്ചറർമാരുടെ ഒഴിവുകൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly